(എഫ്) പെരുങ്കടവിള ബ്ലോക്കിൽ ഒരു സ്ഥിരം വാഹനമുണ്ട്. ഇപ്പോൾ അതിന്റെ റിപ്പയർ നടക്കുകയാണ്. റിപ്പയർ തീരുന്നതുവരെ കളക്ഷനറേറിലെ ടെംപോവാൻ ആ ബ്ലോക്കിലെ ഉപയോഗത്തിനു നൽകിയിട്ടുണ്ട്.

വികസന ബ്ലോക്കുകളിലെ ഫീഡിംഗ് സെൻററുകൾ

317. [497] ശ്രീമതി മാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കേരളത്തിലെ വികസന ബ്ലോക്കുകളിലെല്ലാം കൂടി എത്ര ഫീഡിംഗ് ഡെൻററുകൾ ഉണ്ട് ; അവയിൽ ഹരിജൻ കോളനികളിൽ സ്ഥിതി ചെയ്യുന്നവ എത്ര ;

(ബി) ഫീഡിംഗ് കൺവീനർമാർക്ക് എത്ര രൂപ വീതം ആണ് അലവൻസ് നൽകി വരുന്നത് ;

(സി) ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എന്തു തുക ചെലവായിട്ടുണ്ട് ;

(ഡി) കൺവീനർമാരുടെ അലവൻസ് കൃത്യമായി വിതരണം ചെയ്യുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കൺവീനർമാരുടെ അലവൻസ് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവും ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) കേരളത്തിലെ വികസന ബ്ലോക്കുകളിലെല്ലാം കൂടി 4011 ഫീഡിംഗ് സെൻററുകൾ ഉണ്ട്. അതിൽ 95 എണ്ണം ഹരിജൻ കോളനികളിലാണ് സ്ഥിതി ചെയ്യുന്നത്.

(ബി) ഫീഡിംഗ് കൺവീനർമാർക്ക് പ്രതിമാസം 40 രൂപ അലവൻസായി നൽകി വരുന്നുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൺവീനർമാർക്കുള്ള അലവൻസും ഹാൻഡ്ലിംഗ് ചാർജും ഇനത്തിൽ 45.7 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

II. ശ്രദ്ധ ക്ഷണിക്കൽ

(1) കള്ളുഷാപ്പുകൾ കോൺട്രാക്ട് എടുക്കുവാൻ തയ്യാറാകാത്തതുമൂലം ചെത്തുതൊഴിലാളികളും ഷാപ്പു ജീവനക്കാരും നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഈ മാർച്ച് 20-ാം തീയതി 1986-87-ലേക്കുള്ള സംസ്ഥാനത്തെ അബ്കാരി ഓക്ഷൻ അവസാനിച്ചിരിക്കുകയാണ്. അബ്കാരി ഷോപ്പുകളുടെ ലേലനടപടികൾ 20-ാം തീയതി അവസാനിച്ചു. എന്നാൽ ഈ ലേലനടപടികൾ അവസാനിച്ചശേഷവും ഏതാണ്ട് ഇരുനൂറിലധികം കള്ളുഷാപ്പു

9.30 A.M.]

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്ക് ആരും തന്നെ ലേലത്തിനുണ്ടായില്ല. അടുത്ത വർഷത്തേക്ക് കോൺട്രാക്ടർമാരില്ല. പ്രധാനമായും തൃശ്ശൂർ, എറണാകുളം ജില്ലകളിലാണ് ഇങ്ങനെ സംഭവിച്ചിരിക്കുന്നത്: തൃശ്ശൂർ ജില്ലയിലെ അന്തിക്കാട്, തൃശ്ശൂർ, ചാവക്കാട് റേഞ്ചുകളിലും, എറണാകുളം ജില്ലയിലെ പറവൂർ, ഞാറയ്ക്കൽ, വരാപ്പുഴ, അങ്കമാലി ഇങ്ങനെ ഏഴുറേഞ്ചുകളിൽ പൂർണ്ണമായും, മട്ടാഞ്ചേരിയിൽ 15, വൈക്കത്ത് 9, ആലപ്പുഴ 2, കുട്ടനാട് 1 ഇങ്ങനെ ഒറ്റയ്ക്കൊറ്റക്ക് ചില ഷോപ്പുകളും മറ്റു ജില്ലകളിലുമായി ഇരുനൂറോളം ഷോപ്പുകളും ലേലത്തിൽ പോയിട്ടില്ല. ഇതിനു പ്രധാനമായുമുള്ള കാരണം, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ റേഞ്ചുകളിൽ പലപ്പോഴും ലേലത്തിൽ പോകാതിരുന്നിട്ടുണ്ടെന്നുള്ളതിനു മന്ത്രി ഉന്നയിക്കാറുള്ള ന്യായം അവിടെ തൊഴിലാളികളുടെ കൂലി വളരെ ഉയർത്തിക്കൊടുത്തിരിക്കുന്നതുകൊണ്ട് ആരും വിളിക്കുന്നില്ലെന്നാണ്. എന്നാലും ഇത്തവണയും അദ്ദേഹം അതു പറയുമെന്ന് തോന്നുന്നില്ല. കഴിഞ്ഞ രണ്ടു വർഷമായി മിനിമം വേജസിനെക്കാൾ കുറഞ്ഞ കൂലിയിലാണ് ഈ റേഞ്ചുകളിൽ തൊഴിലാളികളെ ജോലിചെയ്തുകൊണ്ടിരിക്കുന്നത്. ഇത്തവണ പുതിയ ഡിമാൻഡ് ഒന്നുംതന്നെ അവിടെയുള്ള തൊഴിലാളി സംഘടനകളും ഉന്നയിച്ചിട്ടില്ല. പിന്നെ എന്തുകൊണ്ട് ലേലത്തിനു പോയില്ലായെന്നു ചോദിച്ചാൽ ഈ വർഷം ഗവൺമെൻറ് അബ്കാരി നയത്തിൽ വരുത്തിയ പരിഷ്കാരമാണ്. അമ്പലങ്ങളുടെയും, ദേവാലയങ്ങളുടെയും, പള്ളിക്കൂടങ്ങളുടെയും 400 മീറ്ററിനുള്ളിൽ യാതൊരു കാരണവശാലും മദ്യ ഷാപ്പുകളും അനുവദിക്കുകയില്ലായെന്ന നയം നിർബന്ധമായും നടപ്പാക്കുന്നതിനേയും, പ്രായോഗിക വൈഷമ്യങ്ങളുടെ അടിസ്ഥാനത്തിൽ എക്സംപ്ഷൻ കൊടുക്കുന്നതിനു വനൃു ബോർഡ് മെമ്പർക്കുണ്ടായിരുന്ന അധികാരം റദ്ദു ചെയ്തിരിക്കുന്നതിനേയും ഫലമായിട്ടാണ് ഇന്ന് ഇത്രയേറെ ഷോപ്പുകളും ലേലത്തിൽ പോകാതിരുന്നത്. ഏതാണ്ട് ഏഴായിരം ചെത്തുതൊഴിലാളികളും 1500 മദ്യഷോപ്പ് ജീവനക്കാരും ഇതിന്റെ ഫലമായി 1-ാം തീയതി മുതൽ തൊഴിലില്ലാതാവുകയാണ്. ഇതുകൊണ്ടു മാത്രം അവസാനിക്കുകയില്ല. മറ്റു സ്ഥലങ്ങളിലൊക്കെ ലേലം നടന്നിട്ടുണ്ടെങ്കിൽപ്പോലും കയ്യിലുള്ള തൊഴിൽ വിട്ടുകളയാൻ വയ്യെന്നുള്ളനിലയിൽ ഒറ്റയ്ക്കൊറ്റയ്ക്കു കള്ളുഷാപ്പുകളും വിളിക്കുന്ന ആളുകളും മറ്റു സ്ഥലത്തും ലേലം വിളിച്ചിട്ടുണ്ട്. പക്ഷെ അവർക്കൊക്കെ എവിടെയാണ് ഷോപ്പുകളും നടത്തുക എന്നതിനെപ്പറ്റി വ്യക്തമല്ലാത്ത അവസ്ഥയാണ്. ഇതിന്റെ ഫലമായി രാജ്യം മുഴുവൻ ഒട്ടനവധി കുഴപ്പങ്ങളും ഉണ്ടാകാൻ പോവുകയാണ്. ഇത്തവണത്തെ പ്രതിസന്ധി-ഏഴായിരം ചെത്തുതൊഴിലാളികൾക്കും ആയിരത്തിയഞ്ഞൂറ് മദ്യ വ്യവസായത്തൊഴിലാളികൾക്കും തൊഴിലില്ലാതാകുന്ന സ്ഥിതി വിശേഷം ഉളവായിരിക്കുന്നു എന്നതാണ്. കേരളത്തിൽ ഏറ്റവും വലിയ കള്ളുചെത്തു കേന്ദ്രങ്ങളായ അന്തിക്കാടും പറവൂരും, വൈപ്പിൻകരയിലുമാണ് ഇത് പ്രധാനമായും ബാധിച്ചിരിക്കുന്നത്. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ തെരുവാധാരമാക്കുന്ന ഈ സ്ഥിതി ഏതു നിലയിലും ഒഴിവാക്കുന്നതിനുവേണ്ടി, പ്രായോഗികടിസ്ഥാനത്തിൽ കള്ളുഷാപ്പുകൾ 400 മീറ്റർ ദൂരത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കി നിലവിലുള്ള കെട്ടിടങ്ങളിൽ ഷോപ്പുകൾ തുടർന്നു നടത്തുന്നതിന് അനുവദിക്കണം. അത് തുടർന്നു നടത്തുന്നതിന്റെ ഫലമായി പള്ളികളിലും ദേവാലയങ്ങളിലും ഇതുവരെ യാതൊരു കുഴപ്പവുമുണ്ടായിട്ടില്ല. അടുത്ത വർഷവും ആ സ്ഥലങ്ങളിൽത്തന്നെ തുടർന്നു നടത്തുവാനുള്ള അനുമതി കൊടുക്കുകയാണെങ്കിൽ അത് ലേലത്തിൽ പോകും. ഈ കള്ളിനെക്കാൾ പത്തിരട്ടി വീര്യം കൂടിയ വിദേശ മദ്യം ഇപ്പോൾ ബാർ ഹോട്ടലുകളിൽ വില്പന നടത്തുന്നു. ഇതിൽ 60 ശതമാനം ആൽക്കഹോളാണുള്ളത്. കള്ളിൽ ആറുശതമാനം മാത്രമാണ് ആൽക്കഹോൾ. വിദേശമദ്യമുള്ള ബാർ

LIBRARY ARCHIVES Kerala Legislative Assembly

ഹോട്ടലുകൾ ഗുരുവായൂർ അമ്പലത്തിന്റെ നടയിലും മറ്റും നടക്കുന്നുണ്ട്. ഈ ബാർ ഒന്നും തന്നെ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആ വിദേശ മദ്യം ആളുകൾക്ക് ഹോട്ടലിനകത്തിരുന്ന് കഴിക്കാം. അതേസമയം നമ്മുടെ നാട്ടിൽ ദേശീയ പരമ്പരാഗത തൊഴിലായ, ചെത്തു തൊഴിലാളികൾ ഉല്പാദിപ്പിക്കുന്നതായ പാനീയം അവിടെയെങ്ങും വിൽക്കാൻ പാടില്ല. ഈ വിവേചനം അവസാനിപ്പിച്ചുകൊണ്ട് പ്രായോഗികമായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇനിയെങ്കിലും ഗവൺമെന്റ് വാശിയിൽനിന്ന് പിൻമാറി ഇത് തുടർന്ന് നടത്തുന്നതിനുള്ള അംഗീകാരം കൊടുക്കണം.

രണ്ടാമത്തെ കാര്യം അബ്കാരി ഓക്ഷൻ അവസാനിച്ചു. ഇനിയുള്ള നടപടികൾ നെഗോഷ്യേറ്റ് ചെയ്യുകയാണ്. പരസ്യമായിട്ടുള്ള ഓക്ഷൻ ഇല്ല. അടിയന്തിരമായി ഇത് നെഗോഷ്യേറ്റ് ചെയ്ത് ഇന്ന് ലേലത്തിൽ പോകാത്ത ഈ ഷോപ്പുകൾ കോൺട്രാക്റ്റ് കൊടുക്കണം. തൊഴിലാളികളുടെ ഭാഗത്തു നിന്ന് യാതൊരു പ്രതിബന്ധത്തിന്റെയും അടിസ്ഥാനത്തിലല്ല ഇത് പോകാതിരുന്നത്—അതുകൊണ്ട് അതിനു പ്രതിബന്ധമെന്താണെന്ന് മനസ്സിലാക്കി അത് നെഗോഷ്യേറ്റ് ചെയ്തു കോൺട്രാക്ടർമാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ റവന്യൂ ബോർഡ് എക്സൈസ് ഡിപ്പാർട്ടുമെന്റിന് ആവശ്യമായ നിർദ്ദേശം കൊടുക്കണം. എന്നിട്ടും അത് പോകാത്ത സാഹചര്യമാണെങ്കിൽ ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ ഈ ഷോപ്പുകൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ഡിപ്പാർട്ടുമെന്റ് മാനേജുമെന്റ് സംവിധാനം അനുസരിച്ചുള്ള ഏർപ്പാട് ഉണ്ടാക്കണം. ഈ തൊഴിലാളികളുടെ തൊഴിൽ യാതൊരു കാരണവശാലും ഒന്നാം തീയതി സ്തംഭിക്കാനോ തൊഴിൽ നഷ്ടപ്പെടാനോ ഉള്ള സാഹചര്യം ഉണ്ടാകരുത്. ആ നിലയിൽ പ്രശ്നത്തെ അവസാനിപ്പിക്കണമെന്ന് ഞാൻ എക്സൈസ് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

എക്സൈസ് വകുപ്പു മന്ത്രി (ശ്രീ. എൻ ശ്രീനിവാസൻ) : സർ, കള്ളിൽ ആളുകൾക്കുള്ള ആസക്തി കുറഞ്ഞു വരികയാണ്. തൻമൂലം കള്ളുഷാപ്പ് പിടിക്കുവാൻ കോൺട്രാക്ടർമാർക്ക് താൽപ്പര്യം കുറയുന്നു. സർക്കാരിനാണെങ്കിൽ ഈ വർഷം കള്ളുഷാപ്പുകളിൽ നിന്ന് കിട്ടിയത് ആകെ ഏഴു കോടി രൂപയാണ്. ഇത് തീരെത്തന്നെ കുറവായ തുകയാണ്. അതുകൊണ്ട് സാമ്പത്തികാടിസ്ഥാനത്തിൽ കള്ളുഷാപ്പിന്റെ കാര്യത്തിൽ സർക്കാരിന് ഉൽക്കണ്ഠയില്ല. പക്ഷെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന കാര്യത്തിൽ സർക്കാരിന് ഏറെ ഉൽക്കണ്ഠയുണ്ട്. അത് പരിഹരിക്കുവാനായി എങ്ങനെയെങ്കിലും ഷാപ്പുകൾ ലേലത്തിൽ പോകാൻവേണ്ടി കള്ളുഷാപ്പ് കോൺട്രാക്ടർമാർ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ നിർവഹിച്ചു കൊടുത്തു. അതിൽ ഒന്നുരണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുമുണ്ട്. അവർ പറഞ്ഞു, കള്ളുഷോപ്പുകൾ റേഞ്ചനുസരിച്ച് വിളിക്കരുതെന്ന്. ആ കാര്യം അവരുടെ ആഗ്രഹപ്രകാരം സാധിച്ചുകൊടുത്തു. രണ്ടാമത് ഇവിടെ പറഞ്ഞ കാര്യം ടെൻഡർ സിസ്റ്റം കള്ളുഷാപ്പുകൾക്ക് ഒഴിവാക്കണമെന്നാണ്. ചാരായം, ഇന്ന് ടെൻഡർ സിസ്റ്റത്തിൽ ലേലം നടത്തുന്നുണ്ട്. കള്ള് ഷാപ്പ് ലേലം ടെൻഡർ സിസ്റ്റത്തിൽ നിന്നും അബോളിഷ് ചെയ്തു. ഈ കാര്യങ്ങളെല്ലാം ചെയ്തിട്ടും ഷോപ്പുകൾ ലേലത്തിൽ പോകാത്തത് ബഹിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിലാണ്. കള്ളുഷാപ്പ് കോൺട്രാക്ടർമാരും അബ്കാരികോൺട്രാക്ടർമാരും എല്ലാം ഒത്തൊരുമിച്ച് നിന്ന് സർക്കാരിനെ മുട്ടുകുത്തിക്കാൻ ബഹിഷ്ക്കരണമാണ് സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ടാണ് കള്ളുഷാപ്പ് ലേലത്തിൽ പോകാത്തത്. തൃശ്ശൂർ റേഞ്ചിൽ രണ്ടാമത് ലേലം നടന്നത് 18-ാം തീയതിയാണ്. അന്ന് ഈ നടപ്പുവർഷത്തിൽ 11 ലക്ഷം രൂപയ്ക്കു പോയ 9 റേഞ്ചുകൾ 35 ലക്ഷത്തിന് ഒരാൾ ലേലത്തിൽ പിടിച്ചു. അയാൾ ബഹിഷ്ക്കരണത്തിനു പുറത്തുള്ളവനായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ, നെഗോഷ്യേറ്റ് ചെയ്തു കൊടുക്കുന്ന കാര്യത്തിൽ ഇപ്പോഴത്തന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന് പോയില്ലെങ്കിൽ തീർച്ചയായും ഡിപ്പാർട്ടുമെന്റ് മാനേജ്മെന്റ് ഏറ്റെടുത്ത് നടത്തുന്നതാണ്. തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്താതിരിക്കുവാൻ പ്രായോഗിക മാർഗ്ഗങ്ങൾ സർക്കാർ കഴിഞ്ഞ വർഷം നിർദ്ദേശിച്ചു. എവിടെയെങ്കിലും കള്ളുഷാപ്പുകൾ ലേലത്തിൽ പോയില്ലെങ്കിൽ അവിടെയുള്ള ചെത്തു തൊഴിലാളികൾക്ക് കള്ളു ചെത്തിയെടുത്ത് വില്ക്കാൻ ലൈസൻസ് കൊടുക്കാം. തൊഴിലാളി-മുതലാളി ബന്ധമൊന്നുമില്ല, അവർ തമ്മിൽ വഴക്കും വക്കാണുമൊന്നുമില്ല. തൊഴിലാളികൾക്ക് തൊഴിലുമുണ്ട്. ആ പ്രായോഗികമായ കാര്യം ചെറുത്ത് പരാജയപ്പെടുത്തുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, 400 മീറ്റർ പരിധിക്കകത്ത് ഈ സംസ്ഥാനത്തിൽ 2400 കള്ളുഷാപ്പുകളും 1100 ചാരായ ഷാപ്പുകളും 200-ൽപ്പരം വിദേശ മദ്യ ഷോപ്പുകളും ഈ പരിധി നിയന്ത്രണത്തിൽ നടത്തുക പ്രായോഗികമായും അസാദ്ധ്യമാണ് എന്ന് കോൺട്രാക്ടർമാർ ഗവൺമെന്റിനെ അറിയിച്ചിരുന്നു. വനൃൂ ബോർഡ് ഇത് അപ്രായോഗികമാണെന്ന് നിർദ്ദേശിച്ചിരുന്നതാണ്. ഗവൺമെന്റിന്റെ നിർബന്ധബുദ്ധി കൊണ്ട് ഉണ്ടാക്കിയതല്ലേ ഇത്. അത് പുനരാലോചനയ്ക്ക് വിധേയമാക്കാമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ലേലം മുക്കാൽ പങ്കും നടന്നുകഴിഞ്ഞിരിക്കുന്നു. അത് 400 മീറ്റർ ദൂര പരിധി വച്ചുകൊണ്ടാണ് വിളിച്ചത്. അതുകൊണ്ട് പല കോൺട്രാക്ടർമാരെയും അകറ്റി നിർത്തി. മുക്കാൽ പങ്ക് ലേലം കഴിഞ്ഞിട്ട് 400 മീറ്റർ പരിധി നിർണ്ണയം ഇല്ലായെന്നുപറഞ്ഞാൽ തീർച്ചയായും അവർ ഹൈക്കോടതിയിൽപ്പോയി നമ്മെ മനപ്പൂർവ്വം ദ്രോഹിച്ചിരിക്കയാണെന്നു പറയും. അതുകൊണ്ട് അത് ചെയ്യാൻ സാദ്ധ്യമല്ല.

(2) പെരുമ്പാവൂരിലെ "ട്രാവൻകൂർ റയോൺസ്" കമ്പനി പൂട്ടിയിട്ടിരിക്കുന്നതുമൂലം തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഈ നിയമസഭയിൽ ഒരുപക്ഷേ ഏറ്റവും കൂടുതൽ നിയമസഭാ സമ്മേളനത്തിൽ ചർച്ചയ്ക്ക് വന്നിട്ടുള്ള ഒരു വിഷയം. വീണ്ടും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. പെരുമ്പാവൂരിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ റയോൺസ്, ഇൻഡ്യയിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന രണ്ടു കമ്പനികളിൽ ഒന്നാണ്. സർ. സി. പി. രാമസ്വാമി അയ്യരുടെ കാലത്ത് കേരളത്തിൽ ആരംഭിച്ചിട്ടുള്ള വൻകിട വ്യവസായസ്ഥാപനങ്ങളിൽ ഒന്നാണ് പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ്" കമ്പനി. പെരുമ്പാവൂർ പട്ടണത്തിൽ മാത്രമല്ല. ആ നിയോജക മണ്ഡലത്തിന്റെ ചുറ്റുപാടും കിടക്കുന്ന അങ്കമാലി കുന്നത്തുനാട്, മൂവാറ്റുപുഴ, ആലുവാ തുടങ്ങിയ എല്ലാ നിയോജക മണ്ഡലങ്ങളിലുംപ്പെട്ട ഏകദേശം ആയിരത്തിയിരുന്നൂറോളം തൊഴിലാളികൾ കഴിഞ്ഞ മൂന്നു വർഷക്കാലമായി കൊടും പട്ടിണിയിലാണ്. കഴിഞ്ഞ രണ്ടു വർഷക്കാലമായി ആ കമ്പനി പൂട്ടിക്കിടക്കുകയാണ്. വളരെയേറെ ശ്രമങ്ങൾ, വളരെയേറെ കോൺഫറൻസുകളും മറ്റും ഈ കമ്പനിതുറന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയായിട്ടും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുമായിട്ടും ഒക്കെ ഇതിനകം നടത്തിയതാണ്. എന്നിട്ടും ഇതുവരെ ഫലവത്തായിട്ടില്ല എന്നു വളരെയേറെ സങ്കടത്തോടുകൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏറ്റവും ഒടുവിലായി, ഈ കമ്പനി തുറന്നു പ്രവർത്തിക്കാൻ ആവശ്യമായ 11 കോടി രൂപയോളം വിവിധ ബാങ്കുകൾ

LIBRARY ARCHIVES Kerala Legislative Assembly